**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി**
**07.10.2015ന് (ബുധനാഴ്ച) കൂടുന്ന യോഗത്തിന്റെ അജണ്ട**
**സമയം : രാവിലെ 8 മണിക്ക്**
**ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാൾ, സെക്രട്ടേറിയറ്റ്**

**1. മുൻ യോഗ (30.09.2015) നടപടിക്കുറിപ്പിന്റെ അംഗീകാരം**

**2 പൊതുവിഷയങ്ങൾ**

**2.1 2015–16 വാർഷികപദ്ധതി രൂപീകരണ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ : പഞ്ചായത്ത് ഡയറക്ടർ
2. ബ്ലോക്ക് പഞ്ചായത്തുകൾ : ഗ്രാമവികസന കമ്മീഷണർ
3. ജില്ലാ പഞ്ചായത്തുകൾ : പഞ്ചായത്ത് ഡയറക്ടർ
4. മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ : നഗരകാര്യ ഡയറക്ടർ

**3 പ്രത്യേക വിഷയങ്ങൾ**

| വിഷയവിവരം | | |
|---|---|---|
| (1) | (2) | (3) |

**3.1 വയനാട് ജില്ലാ പഞ്ചായത്ത്**

ചികിത്സാ സൗകര്യം കുറവായ ജില്ലയിൽ അത്യാസന്ന രോഗികളെ 100 കി.മി. അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് മിക്കപ്പോഴും റഫർ ചെയ്യുകയാണെന്നും അവർ വാഹന സൗകര്യമില്ലാതെ വിഷമിക്കുകയാണെന്നും, അതിനാൽ 15 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് ആംബുലൻസ് ജില്ലാ ആശുപത്രിക്ക് വാങ്ങി നൽകാൻ അനുവദിക്കണമെന്നും ആവശ്യപ്പെടുന്നു.

**3.2 വയനാട് ജില്ലാ പഞ്ചായത്ത്**

മൊബൈൽ പാൽ പരിശോധനാ ലാബിനായി 13 ലക്ഷം രൂപ വകയിരുത്തി ടയോട്ട ഇന്നോവ വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടത് 09.09.2015–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനപ്രകാരം നിരസിച്ചിരുന്നു. പ്രസ്തുത യൂണിറ്റ് ജില്ലയിൽ വളരെ ആവശ്യമുള്ള തായതിനാൽ 10 ലക്ഷം രൂപയിൽ അധികരി ക്കാതെ സ്കോർപിയോ മോഡൽ വാഹനം DGS&D അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെടുന്നു.

**3.3 പൂവാർ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സർവീസ് സ്റ്റേഷന്റെ കെട്ടിടത്തിന്റെ 2013 ഏപ്രിൽ മുതലുള്ള വാടക കുടിശ്ശിക 169728 രൂപ നൽകുന്ന തിനും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതുവരെ പ്രതിമാസ വാടക നൽകുന്ന തിനും പ്ലാൻ ഫണ്ട് വിനിയോഗിക്കാൻ അനുമതി ആവശ്യപ്പെടുന്നു.

**3.4 പെരിനാട് ഗ്രാമപഞ്ചായത്ത്**

സേവിംഗ്സ് ഉപയോഗിച്ച് പുതുതായി തയ്യാറാക്കിയ എസ്.സി. പ്രോജക്ടിന് യഥാസമയം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകിയില്ലെന്നും അതുൾപ്പെടെ 10 പ്രോജക്ടുകൾ തന്നിമിത്തം 07.09.2015–ലെ ഡി.പി.സി. യോഗത്തിൽ വച്ച് അംഗീകാരം നേടാൻ കഴിഞ്ഞില്ലെന്നും അതിനാൽ ഡി.പി.സി. വീണ്ടും കൂടാൻ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥി ക്കുന്നു.

| |
|---|
| **3.5 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്** |
| ഒരു അംഗൻവാടിക്ക് 5 ബെഡ് വീതം 45 അംഗൻവാടികൾക്ക് കയർ ഫെഡിന്റെ ബേബി ബെഡുകളും 30 അംഗൻ വാടികൾക്ക് 1 വീതം വാട്ടർ പ്യൂരി ഫയറുകളും റോഡിതര മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകാനുള്ള പ്രോജക്ടിന് അംഗീകാരം തേടുന്നു. |
| **3.6 നന്നംമുക്ക് ഗ്രാമപഞ്ചായത്ത്** |
| ലക്ഷം വീടുകൾ ഒറ്റവീടാക്കി മാറ്റുന്നതിന് വീടൊന്നിന് 75000 രൂപ വീതം ഭവന നിർമ്മാണ ബോർഡ് അനുവദിച്ചെങ്കിലും മറ്റെല്ലാ ഭവന പദ്ധതികൾക്കും 2 ലക്ഷം രൂപ ധനസഹായ മുള്ളതിനാൽ ഗുണഭോക്താക്കൾ തയ്യാറാ യിട്ടില്ല. ഭവന നിർമ്മാണ ബോർഡിന്റെ ധനസഹായ തുക കഴിച്ച് ബാക്കി 125000 രൂപ വീതം ഗ്രാമ പഞ്ചായത്ത് നൽകാൻ അനുമതി തേടിയെങ്കിലും 24.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം അത് നിരസിച്ചിരുന്നു. ധനസഹായമായി ലഭിച്ച 2325000 രൂപ ചെലവഴിക്കാൻ കഴിയാത്തതിനാൽ ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം നൽകാൻ വീണ്ടും അനുമതി ആവശ്യപ്പെടുന്നു. |
| **3.7 കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്** |
| മഞ്ഞൾപ്പാറ ബദൽ സ്ക്കൂളിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഷീറ്റ് മേഞ്ഞ കെട്ടിടത്തിന്റെ മേൽക്കൂരയും ട്രസ് വർക്ക് മാറ്റുകയും പില്ലറുകൾ 3 നില കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മിക്ക ത്തക്ക വിധം ബലപ്പെടുത്തുന്നതിനും മറ്റും അനുമതി ആവശ്യപ്പെടുന്നു. |
| **3.8 ചിറക്കടവ് ഗ്രാമപഞ്ചായത്ത് (ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ.എൻ. ജയരാജ് മുഖേന)** |
| കമ്പ്യൂട്ടർ അധിഷ്ഠിതമായി ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 1984 മുതൽ കെട്ടിട നിർമ്മാണചട്ടം നിലവിലുള്ള തിനാലും ധാരാളം ഡേറ്റാ എൻട്രി ജോലികൾ ഉള്ളതിനാൽ ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് ചുമതല ഏൽക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഇത്തരം ജോലികൾ നിർവഹിച്ച് പരിചയമുള്ള വ്യക്തിയെ നിയോഗിച്ച് തനത് ഫണ്ട് ഉപയോഗപ്പെടുത്തി വേതനം നൽകുന്നതിന് ഭരണ സമിതി കൈക്കൊണ്ട തിരുമാനത്തിന് സാധൂകരണം ആവശ്യപ്പെടുന്നു. |
| **3.9 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്** |
| ഐ.എ.വൈ. ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് മൂലമുള്ള അധിക ബാദ്ധ്യത നേരിടുന്നതിനായി സഹകരണ സംഘത്തിൽ നിന്ന് എടുത്ത വായ്പ തുകയുടെ മുതലും പലിശയും കുടിശ്ശിക വന്നത് 2817352 രൂപ അടയക്കുന്നതിന് പദ്ധതികൾ ഭേദഗതി ചെയ്യാൻ അനുമതി ആവശ്യപ്പെടുന്നു. |

**(തയ്യാറാക്കിയത് സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്)**

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം കൂടുന്ന തീയതി............**